**സമയപരിധി/**
**വളരെ അടിയന്തിരം**
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 10/06/2022
Email-swdkerala@gmail.com
Phone-0471-2306040

**പരിപത്രം**

വിഷയം:- സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം-പൊതു സ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നത് - ഇലക്ട്രോണിക് ഡാറ്റബേസ് - ഇ-ക്ഷേമ സോഫ്റ്റ് വെയറിൽ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത്-സംബന്ധിച്ച്

സൂചന:- 1.സ.ഉ(പി)നം. 3/2017/ഉഭപവ തീയതി 25.02.2017.
2.സ.ഉ(സാധാ)നം.155/2021/ഉഭപവ തീയതി 21.10.2021

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സൂചന (1) ൽ പരാമർശിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ ഓൺലൈൻ സംവിധാനത്തിലൂടെ തന്നെ പൊതുസ്ഥലംമാറ്റം നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സൂചന (2) പ്രകാരം ഈ നിർദ്ദേശം ആവർത്തിച്ച ഉത്തരവായിട്ടുള്ളതാണ്. ജീവനക്കാരുടെ സ്ഥലംമാറ്റം 2022 മുതൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണെന്നും ഹോംസ്റ്റേഷൻ സേവനത്തെയും ഔട്ട് സ്റ്റേഷൻ സേവനത്തെയും കുറിച്ചുള്ള ഡാറ്റാബേസ് 2021 നവംബർ 30 ന് മുമ്പ് ഓൺലൈനായി ജീവനക്കാർക്ക് മാത്രം കാണാവുന്ന വിധത്തിൽ പ്രസിദ്ധീകരിക്കണമെന്നും ഓൺലൈൻ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും ഇലക്ട്രോണിക് മോഡിൽ നടത്തേണ്ടതുമാണെന്ന് 29.10.2021 ലെ ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ 2022-ലെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടപ്പിലാക്കേണ്ടതായുണ്ട്. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം പൊതുസ്ഥലംമാറ്റം നടത്തുന്നതിന് ജീവനക്കാരുടെ ഇലക്ട്രോണിക് ഡേറ്റാബേസ് അടിയന്തിരമായി സാമൂഹ്യനീതി വകുപ്പിൽ തയ്യാറാക്കേണ്ടതായുണ്ട്. ഇതിലേയ്ക്കായി എല്ലാ കാര്യാലയ മേധാവികളും, സ്ഥാപന മേധാവികളും **15/6/2022-നകം** സാമൂഹ്യനീതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ (www.sjd.kerala.gov.in) e-kshema സോഫ്റ്റ്വെയറിൽ സാമൂഹ്യനീതി വകുപ്പിലെ എല്ലാ കാര്യാലയങ്ങളിലെയും, സ്ഥാപനങ്ങളിലെയും സ്ഥിര ജീവനക്കാരുടെ (PEN നം ലഭ്യമായിട്ടുള്ള) വിവരങ്ങൾ കൃത്യമായ രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്. സാങ്കേതികമായ സംശയനിവാരണത്തിനായി (ശ്രീ.രഞ്ജിത്ത്- 9895048390, 0471-2306040) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2022 ലെ പൊതു സ്ഥലംമാറ്റ നടപടികൾ തീർത്തും സുതാര്യമായും കുറ്റമറ്റ രീതിയിലും സമയബന്ധിതമായും നടപ്പിൽ വരുത്തേണ്ടതിനായി തങ്ങളുടെ കീഴിൽ വരുന്ന എല്ലാ കാര്യാലയ മേധാവികളും/ സ്ഥാപന സൂപ്രണ്ടുമാരും ജീവനക്കാരുടെ വിവരങ്ങൾ e-kshema സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം ജില്ലയിലെ സ്ഥിര നിയമനം ലഭ്യമായ എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഇ-ക്ഷേമ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തുവെന്ന റിപ്പോർട്ട് **സാക്ഷ്യപ്പെടുത്തൽ വരുത്തി 16/6/2022-നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.** ഓൺലൈൻ ട്രാൻസ്ഫർ വളരെ ഗൌരവതരവും അടിയന്തിര പ്രാധാന്യവുമർഹിക്കുന്ന വിഷയമാകയാൽ ടി പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. പൊതു സ്ഥലംമാറ്റ വിജ്ഞാപനം ജൂൺ മൂന്നാം വാരം ഓൺലൈനായി പുറപ്പെടുവിക്കേണ്ടതിനാൽ വീഴ്ച വരുത്തുന്ന ജില്ല സാമൂഹ്യനീതി ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന വിവരവും അറിയിക്കുന്നു.

എം.അഞ്ജന ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ